നെല്ലിയാമ്പതിയിലെ റവന്യൂ ഭൂമി കയ്യേറ്റം

19 (*109) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിൽ റവന്യൂ ഭൂമിയിൽ പോബ്സൺ നടത്തിയ കയ്യേറ്റം സംബന്ധിച്ചുള്ള ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കയ്യേറ്റത്തിന് സഹായകമായി വിവിധ വകുപ്പ് ഉദ്യോഗസ്ഥരും അഡ്വക്കേറ്റ് ജനറൽ ആഫീസും നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് എടുത്തതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ കയ്യേറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള നിയമോപദേശം എന്താണെന്ന് അറിയിക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട മുഴുവൻ ഭൂമിയും സർവ്വേ ചെയ്യുന്നതിന് ഒരു സർവ്വേ ടീമിനെ രൂപീകരിക്കാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സ.ഉ(സാധാ)5473/2014/റവന്യൂ നമ്പർ പ്രകാരം ഉത്തരവായി. കൂടാതെ 11-11-2014-ലെ സർവ്വേ ഡയറക്ടറുടെ ബി2/ 33419/2014 നമ്പർ ഉത്തരവ് പ്രകാരം സർവ്വേ ടീമിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 17-12-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 529/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പോബ്സ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള ഭൂമി പോക്കുവരവ് ചെയ്ത് നൽകിയ നടപടി റദ്ദ് ചെയ്തും പോക്കുവരവ് ചെയ്യുന്നതിന് തെറ്റായ നടപടി സ്വീകരിച്ച സർവ്വേ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിനെതിരെയും തുടർന്നുള്ള സർക്കാർ ഉത്തരവുകൾക്കെതിരെയും പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ WP(C)-34072/14 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ 17-12-2014-ലെ ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നെങ്കിലും സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ തുടരുവാൻ ബഹു. ഹൈക്കോടതി 26-2-2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

അദ്ധ്യാപക ബാങ്ക് സംവിധാനം

20 (*110) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി നടപ്പാക്കിയ അദ്ധ്യാപക ബാങ്ക് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അദ്ധ്യാപക ബാങ്ക് അസാധുവാക്കി കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യ സ്കൂൾ മാനേജ്മെന്റ് അനുകൂലമായി വിധി ഉണ്ടാകാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ;

(സി) കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ ഭാവി സംബന്ധിച്ച് നിലപാട് വിശദമാക്കാമോ ;

(ഇ) അദ്ധ്യാപക ബാങ്ക് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly